പരപ്പനങ്ങാടിയിൽ ഒരു 110 കെ. വി. സബ്സ്റ്റേഷൻ ഉടനെ ആരംഭിക്കാനായിട്ടുള്ള പരിപാടിയുണ്ട്. അരീക്കോട് 66 കെ. വി. സബ്സ്റ്റേഷൻ ആരംഭിക്കാനുള്ള പരിപാടിയുണ്ട്. അതുപോലെ തിരൂരിലെ 66 കെ. വി. ലൈനിന്റെ പണി 1987-88 കാലഘട്ടത്തിൽ പൂർത്തിയാവുകയും ചെയ്യും.

സർ, ഞാൻ ബഹുമാനപ്പെട്ട ഇസ്ഹാക്ക് കുരിക്കളിന്റെ ശ്രദ്ധയിലേക്ക് ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. ഗ്രാമ വൈദ്യുതീകരണ പദ്ധതിയനുസരിച്ച് 1986 ഫെബ്രുവരി 28 വരെ താഴെ പറയുന്ന ജോലികൾ മലപ്പുറംജില്ലയിൽ ചെയ്തു തീർത്തു കഴിഞ്ഞു. 145 കിലോമീറ്റർ 11 കെ. വി. ലൈനും 202 കിലോമീറ്റർ എൽ. റ്റി. ലൈനും 392 കിലോമീറ്റർ എൽ. റ്റി. സിംഗിൾഫെയിസ് ലൈനും തീർന്നു. 93 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. 2286 കാർഷിക കണക്ഷൻ കൊടുത്തു. വ്യവസായകണക്ഷൻ 387 കൊടുത്തു. മറ്റു കണക്ഷനുകൾ 15750 കൊടുത്തു. ഈ രംഗത്തൊക്കെ മലപ്പുറം ജില്ലയിൽ വളരെയധികം പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനുവേണ്ടി ജില്ലയുടെ വിവിധഭാഗങ്ങളിൽ ചെയ്തുതീർത്ത വളരെയധികം ജോലികളുണ്ട്. 5.4 കിലോമീറ്റർ 11 കെ. വി. ലൈൻ വലിച്ചു. 4.4 കിലോമീറ്റർ എൽ. റ്റി. 3 ഫെയിസ് ലൈനും 12 കിലോമീറ്റർ സിംഗിൾ ഫെയിസ് ലൈനും വലിക്കുകയുണ്ടായി. കൂടാതെ വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനുവേണ്ടി 29 കിലോമീറ്റർ 11 കെ. വി. ലൈൻ 16 കിലോമീറ്റർ എൽ. റ്റി. ലൈൻ എട്ടു കിലോമീറ്റർ എൽ റ്റി. സിംഗിൾഫെയിസ് ലൈൻ മുതലായവയുടെ പണി ഉടനെ പൂർത്തിയാക്കുന്നതാണ്. ഇപ്രകാരം ആലോചിക്കുകയാണെങ്കിൽ വലിയ നേട്ടങ്ങൾക്ക് പദ്ധതികളും പ്രവർത്തനങ്ങളും മലപ്പുറം ജില്ലയിൽ നടപ്പാക്കുന്നുണ്ട്. പെട്ടെന്ന് ഇതെല്ലാം പൂർത്തിയാക്കാം. അതോടുകൂടി പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകുമെന്ന് ആശിക്കാം.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിപ്രസംഗത്തിൽ ഞാൻ തികച്ചും ശുഭാപ്തി പ്രകടിപ്പിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി നമ്മുടെ ജില്ലയിൽ നടപ്പാക്കുന്ന ആർ. ഇ. സി. സ്കീമുകൾക്ക് മെറ്റീരിയൽസ് ലഭിക്കാത്തതുമൂലം പ്രവർത്തനം തടസപ്പെട്ടിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കെ. എം. മാണി : അവൈലബിലിറ്റിയനുസരിച്ച് ഉടനെ കുറെ മെറ്റീരിയൽസ് അങ്ങോട്ടു കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യാം.

III സബ്മിഷൻ

(1) വിദ്യുച്ഛക്തി കണക്ഷൻ കിട്ടാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട്

ശ്രീ. കെ. പുരുഷോത്തമൻ : സർ, കാസർകോട് ജില്ലയിലെ കൃഷിക്കാരും ചെറുകിട വ്യവസായികളും ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാതെ വിഷമിക്കുന്നതിനെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. ജില്ലയെ അവഗണിച്ചു

LIBRARY ARCHIVES Kerala Legislative Assembly

എന്നു ഞാൻ പറയുന്നില്ല. കാസർകോട് ജില്ലയെ ഒരു വ്യവസായരഹിത ജില്ലയായി പ്രഖ്യാപിക്കാൻ പോവുകയാണ്. കുറെ ചെറുകിട വ്യവസായങ്ങളും അവിടെ ആരംഭിച്ചിട്ടുണ്ട്. പക്ഷേ ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാത്തതുകൊണ്ട് രണ്ടും മൂന്നും വർഷങ്ങളായി വ്യവസായങ്ങളും ആരംഭിക്കാൻ കഴിയാത്ത സ്ഥിതിയാണ്.

അതുപോലെതന്നെ കൃഷിക്ക് ജലസേചന സൗകര്യത്തിനുവേണ്ടി ഐ. ആർ. ഡി. പി. സ്കീമനുസരിച്ച് വാട്ടർപമ്പ് വാങ്ങിവച്ചു പക്ഷേ രണ്ടുംമൂന്നുംവർഷങ്ങളായി കണക്ഷൻ കിട്ടാത്തതുകൊണ്ട് ആ പമ്പുകളൊക്കെ തുരുമ്പുപിടിച്ച സ്ഥിതിയിലായി തിരുകയാണ്. വോൾട്ടേജിന്റെ കാര്യമാണെങ്കിൽ പറയാനുമില്ല. വീടുകളും ഇപ്പോഴും മണ്ണെണ്ണവിളക്കുകളെയാണ് ആശ്രയിക്കുന്നത്. കാസർകോട് ജില്ലയിൽ കറൻറ് സപ്ലൈ ചെയ്യുന്നത് മംഗലാപുരത്തുനിന്നാണ്. മംഗലാപുരം-കാസർകോട് ലൈൻ 110 കെ. വി. ലൈൻ വളരെപഴയതും ശക്തി കുറഞ്ഞതുമായതുകൊണ്ട് ആവശ്യത്തിനുള്ള റിപ്ലയർപോലും നടത്താൻ കഴിയാത്തസ്ഥിതിയാണുള്ളത്. അവിടെ വോൾട്ടേജ് കമ്മി പരിഹരിക്കുന്നതിന് 110 കെ. വി. ലൈൻ പുതുക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാവശ്യമാണ്. അവിടെ കൺസ്ട്രക്ഷനും മെയിൻറനൻസും സപ്ലൈയുമെല്ലാം നിർവഹിക്കുന്നത് ഒരു സെക്ഷനാണ്. മുമ്പ് ആർ. ഇ. സി. സെക്ഷൻ പ്രത്യേകമായി പ്രവർത്തിച്ചിരുന്നു. അത് ഇപ്പോൾ നിറുത്തലാക്കിയിരിക്കുകയാണ്. ആവശ്യമായ മെയിൻറനൻസും റിപ്ലയറും പുതിയ കണക്ഷനും നൽകാൻ കഴിയുന്നില്ല. കൺസ്ട്രക്ഷൻവർക്ക് തുടങ്ങാൻകഴിയുന്നില്ല. അതിലൊക്കെ വേണ്ട നടപടിയെടുക്കണം. അവിടെ ഓഫീസുകളിൽ 30 ശതമാനത്തോളം തസ്തികകളും ഒഴിഞ്ഞുകിടക്കുകയാണ്. ആവശ്യമായ നിയമനം നടത്തിയിട്ടില്ല. അവിടെ നിർദ്ദേശിക്കപ്പെട്ട പല സബ് സ്റ്റേഷനുകളുടെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. കാസർകോട് ഒരു 250 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഈ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുവേണ്ടി കാസർകോട് ജില്ലയിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിലെങ്കിലും നിയമനം നടത്തണം. അവിടത്തെ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണെനിക്കഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ കാസർകോടുജില്ലയെ സംബന്ധിച്ചു പറയുകയാണെങ്കിൽ വളരെ നല്ലപ്രവർത്തനങ്ങളാണ് അവിടെ ഇലക്ട്രിസിറ്റിബോർഡ് നടത്തുന്നത്. 1985-86 സാമ്പത്തികവർഷത്തിലാണെങ്കിൽ 28-2-1986-വരെ 52 കിലോമീറ്റർ 11 കെ. വി. ലൈനും 106 കിലോമീറ്റർ എൽ. റ്റി. ലൈനും 100 കിലോമീറ്റർ എൽ. റ്റി. സിംഗിൾ ഫേയ്സ് ലൈനും പൂർത്തിയാക്കാൻ കഴിഞ്ഞു. കാർഷികാവശ്യങ്ങൾക്ക് 627 കണക്ഷൻ കൊടുത്തു. ഗാർഹികാവശ്യങ്ങൾക്ക് 3931 കണക്ഷൻ കൊടുത്തു. ഇതുകൂടാതെ ഇപ്പോൾ വേറെപണികളും നടന്നുകൊണ്ടിരിക്കുകയാണ്. കാസർകോട് ജില്ലയിൽ കമ്പന്നൂർ, കാസർകോട്, കാഞ്ഞങ്ങാട് എന്നീ മൂന്നു 110 സബ് സ്റ്റേഷനുകളും ഉണ്ട്. എന്നാൽ കണ്ണൂർ, കാസർകോട് 110 കെ. വി. ലൈനിന്റെ അപര്യാപ്ത മൂലം വേണ്ടസമയത്ത് ഇലക്ട്രിസിറ്റി കൊടുക്കാൻ കഴിയുന്നില്ല. അവിടെ കർണ്ണാടകസംസ്ഥാനത്തിൽ നിന്നുമാണ് ഇലക്ട്രിസിറ്റി എടുക്കുന്നത്. കർണ്ണാടകത്തിൽ ഇലക്ട്രിസിറ്റിക്കുള്ള പരിമിതികളും അന്തർസംസ്ഥാനലൈനിന്റെ ശേഷിക്കുറവും കാരണം നമുക്കു കാസർകോട് ജില്ലയെ സംബന്ധിച്ചിടത്തോളം ഡിസ്ട്രിബ്യൂഷനിൽ അൽപം ബുദ്ധിമുട്ടുകളും ഉണ്ട്. അത് പരിഹരിക്കണമെങ്കിൽ അവിടത്തെ ലോക്കൽ പ്രസരണസംവിധാനം ശക്തമാക്കണം. അതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

മുള്ളേരിയിൽ 66 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനായിട്ടുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അതുപോലെതന്നെ 220 കെ. വി. സബ്സ്റ്റേഷൻ ഉടനെതന്നെ സ്ഥാപിക്കുന്നതാണ്. ലോകബാങ്കിന്റെ സഹകരണത്തോടുകൂടി ഒരു വലിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്. കണ്ണൂർ കാസർകോട് 110 കെ. വി. ലൈനിനുപകരം 220 കെ. വി. ലൈൻ സ്ഥാപിക്കാനാണുദ്ദേശിക്കുന്നത്. ലോകബാങ്കിന്റെ സഹകരണത്തോടുകൂടി ഇവിടത്തെ മുഴുവൻ സിസ്റ്റവും ബലപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു വൻപിച്ച പരിപാടി ഇപ്പോഴേ ഏറ്റെടുക്കാൻപോകുകയാണ്. അതോടുകൂടി ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാശിക്കുകയാണ്.

(2) ഒറ്റപ്പാലത്ത് ചുഴലിക്കാറ്റുമൂലമുണ്ടായ നാശനഷ്ടം

ശ്രീ. വി. സി. കബീർ: സർ, 19-ാം തീയതി രാത്രി ഒറ്റപ്പാലത്തിനടുത്തുണ്ടായ ചുഴലിക്കാറ്റിൽ ധാരാളം വീടുകൾക്ക് നാശനഷ്ടമുണ്ടായിരിക്കുകയാണ്. 19-ാം തീയതി ആഞ്ഞടിച്ച ചുഴലിക്കാറ്റിൽ ലക്കിടി, പേരൂർ, മലപ്പുറം, മുളഞ്ചൂർ, നെല്ലിക്കുറിശി എന്നീ സ്ഥലങ്ങളിൽ 70 വീടുകൾ ഭാഗികമായി തകർന്നിട്ടുണ്ട്. അതുപോലെതന്നെ വാഴ, തെങ്ങ്, കവുങ്ങ് തുടങ്ങിയവയ്ക്കും നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. 20-ാം തീയതിതന്നെ ഞാൻ അവിടെപ്പോയി ആ വീടുകളെല്ലാം സന്ദർശിക്കുകയുണ്ടായി. അവിടത്തെ നാശനഷ്ടങ്ങൾ വളരെ വലുതാണ്. പാവപ്പെട്ടയാളുകൾക്കാണ് നാശനഷ്ടങ്ങളുണ്ടായിട്ടുള്ളത്. ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തു നിന്നും തക്കസമയത്ത് ആശ്വാസനടപടികളുണ്ടായില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി ഈ നാശനഷ്ടങ്ങളുണ്ടായ ഗൃഹനാഥൻമാരെ അടിയന്തിരമായി സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 19-ാം തീയതിയുണ്ടായ ചുഴലിക്കാറ്റുമൂലം 10 വീടുകൾ പൂർണ്ണമായും 204 വീടുകൾ ഭാഗികമായും നശിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. അതുപോലെതന്നെ 20,000 രൂപയുടെ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്. ഒരു യു. പി. സ്കൂളിലെ ഷെഡ്ഡ് പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികവിളകൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ട്. ചില വൈദ്യുതിലൈനുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇതിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(3) കൊപ്പം–വേങ്ങാട്ടിരി റോഡിന്റെ അറ്റകുറ്റപ്പണി

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, എന്റെ നിയോജകമണ്ഡലത്തിലെ നെല്ലായ്, കൊപ്പം, ഓമല്ലൂർ എന്നീ മൂന്നു പഞ്ചായത്തുകളെ പരസ്പരം ബന്ധിപ്പിക്കുന്നതും പാലക്കാട്ടു നിന്നും ചെറുപ്പുളശ്ശേരി വഴി 20 കിലോ മീറ്ററിന്റെ ലാഭം കോഴിക്കോട്ടേക്ക് പോകാൻ ലാഭിക്കുന്നതുമായ റോഡാണ് കൊപ്പം-വേങ്ങാട്ടിരി റോഡ്. 1957-ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചുവെങ്കിലും പല ഘട്ടങ്ങളിലായി 1980-ലാണ് ഇതിന് അംഗീകാരം കിട്ടിയത്. ആ റോഡിന്റെ പ്രവർത്തനം ഉൽഘാടനം ചെയ്തത് ശ്രീമാൻ സി. എച്ച്. മുഹമ്മദ് കോയ ആണ്. അത് 1983-ലാണ്. എന്നാൽ ഇന്നുവരെ അതിന്റെ ഒരു പ്രവർത്തനവും മുന്നോട്ടു പോയിട്ടില്ല. അത് സ്തംഭനാവസ്ഥയിലാണ്. എത്രയോ ഡി. ഡി. സി. കളിൽ ഈ പ്രശ്നം ഉന്നയിച്ചതാണ്. അടിയന്തിരമായി ആ റോഡിന്റെ പ്രവർത്തനം ഏറ്റെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly